(സി) അനുവാദം നൽകേണ്ടതു് ആവശ്യമാണെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അല്ല.

(ബി) അവക്കും പരാതി ബോധിപ്പിക്കാം.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

മുനിസിപ്പൽ അതിർത്തികൾ.

* 300. [73] ശ്രീമതി. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റി സ്ഥാപിച്ചുകഴിഞ്ഞതിനശേഷവും, മുനിസിപ്പൽഅതിർത്തികളിലെ പുറമ്പോക്കുകൾ മുനിസിപ്പാലിറ്റികൾക്കു വിട്ടുകൊടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണമെന്തു് ;

(സി) ചേർത്തല മുനിസിപ്പാലിറ്റി പുറമ്പോക്കുകൾക്കു് ആവശ്യപ്പെട്ടതിൽ എന്തു തീരുമാനമെടുത്തു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മുനിസിപ്പാലിറ്റികൾ ആവശ്യപ്പെട്ടിട്ടുള്ളവയിൽ കൊടുക്കാവുന്ന പുറമ്പോക്കുസ്ഥലങ്ങൾ വിട്ടുകൊടുത്തിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചേർത്തല മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടവയിൽ കൊച്ചേരിമൈതാനം, ശവക്കോട്ടയ്ക്കു് ആവശ്യപ്പെട്ട തണ്ണീർമുക്കം വടക്കു് പകുതിയിൽ 13/1 സർവ്വെനമ്പരിലുള്ള സ്ഥലം, കനാൽ പുറംപോക്കുകൾ, ഇവ മുനിസിപ്പാലിറ്റിക്കു കൊടുക്കുവാൻ നിവൃത്തിയില്ലെന്നു് തീരുമാനിച്ചു. എന്നാൽ പാർക്കുണ്ടാക്കുന്നതിനു് പോസ്റ്റാഫീസുമൈതാനവും മുനിസിപ്പൽ കെട്ടിടവും ഉണ്ടാക്കുന്നതിനു് ചേർത്തല വടക്കു് പകുതിയിലുള്ള 262/21 സർവ്വെനമ്പരിൽ ഉൾപ്പെട്ട സ്ഥലവും മുനിസിപ്പാലിറ്റിക്കു് കൊടുക്കുന്നതിൻെറ സാദ്ധ്യതകളെപ്പറ്റി ഗവണ്മെൻറ് ആലോചിച്ചുവരുന്നു.

പ്രൈമറിയും മിഡിലും സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ കുറഞ്ഞ പരീക്ഷായോഗ്യത (ജനറലും സ്പെഷ്യലും).

* 301. [74] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറിയും മിഡിലും സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനത്തിനു് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരീക്ഷായോഗ്യത (ജനറലും സ്പെഷ്യലും) എന്തു് ;

(ബി) പ്രസ്തുത അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതു് പബ്ലിക്ക് സർവ്വീസ്കമ്മിഷൻമുഖേനയാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷത്തിൽ പുതിയ ഇൻറർവ്യൂ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവരിൽ എത്രപേരെ നിയമിച്ചു;

(ഇ) മുമ്പ് ഇൻറർവ്യൂ നടത്തിയവരിൽ നിയമനം കിട്ടാതെയുള്ള എത്രപേർ ഉണ്ട്;

(എഫ്) മുമ്പ് നിയമനം കിട്ടാതെ നിന്നവർക്ക് മൻഗണന നൽകിയിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ മൻഗണന നൽകാൻ ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കുറഞ്ഞ പരീക്ഷായോഗ്യത (ജനറൽ) എസ്. എസ്. എൽ. സി., അല്ലെങ്കിൽ മലയാളം ഫയർ, അല്ലെങ്കിൽ ശാസ്ത്രിടെസ്റ്റ്. (സ്പെഷ്യൽ) റ്റി. റ്റി. സി.

(ബി) പ്രൈമറിസ്കൂൾ അദ്ധ്യാപകരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഇൻറർവ്യൂ നടത്തിയാണ് നിയമിക്കുന്നത്. മിഡിൽസ്കൂളിലേക്കുള്ള നിയമനം പ്രൈമറിസെക്ഷനിൽനിന്നും പ്രമോട്ടുചെയ്തു നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) 1400പേരെ നിയമിച്ചു.

(ഇ) 5301.

(എഫ്) ഇല്ല.

(ജി) യോഗ്യതയുടെ മാനദണ്ഡംവച്ച് സെലക്ഷൻ നടത്തുമ്പോൾ അങ്ങിനെ മൻഗണന നൽകാൻ നിവൃത്തിയില്ല.

കമ്മ്യൂണിറ്റിപ്രോജക്റ്റുകളുടെ ഉപദേശകസമിതി

* 302. [75] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റിപ്രോജക്റ്റുകളുടെ ഉപദേശക സമിതിയിലേക്ക് കോൺഗ്രസ്സുകാരെമാത്രമെ നാമനിർദ്ദേശം ചെയ്യുകയുള്ളുവെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) കൊട്ടാരക്കരതാലൂക്കിലെ കമ്മ്യൂണിറ്റി പ്രോജക്റ്റിൻറെ ഉപദേശകസമിതിയിലേക്ക് നാമനിർദ്ദേശം ചെയ്യാതിരിക്കുന്നതു് ഇതുപോലെയൊക്കെയാണ്; ടി താലൂക്കിലെ മുന്നു എം. എൽ. എ-മാരേയും നാമനിർദ്ദേശംചെയ്യാതെ, പി. സി. സി. മെംബറേയും കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പരാജിതനായ കോൺഗ്രസ്സ് സ്ഥാനാർത്ഥിയേയും നാമനിർദ്ദേശം ചെയ്യാൻ കാരണമെന്തെന്ന് വിശദമാക്കുമോ ;

(സി) കോൺഗ്രസ്സുകാരല്ലാത്ത എം. എൽ. എ-മാരെ ടി ഉപദേശകസമിതിയിലേക്ക് എടുത്തിട്ടുണ്ടെങ്കിൽ ഇതുപോലെയൊക്കെയാണ് എടുത്തിട്ടുള്ളതു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല, രണ്ടാംഭാഗം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly